## ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിന് അനുവദിച്ച തുക

200 (4869) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിനുവേണ്ടി പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത തുക കാലോചിതമായി പരിഷ്ക്കരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ച സാമ്പത്തിക സഹായം

201 (4870) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2013-14 സാമ്പത്തികവർഷം നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ തരംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് 2013-14 സാമ്പത്തിക വർഷം നൽകിയ സാമ്പത്തിക സഹായം അനുബന്ധം ആയി നൽകിയിരിക്കുന്നു.*

(ബി) ഉണ്ട്. ഏറ്റവും ഒടുവിൽ 29-1-2014-ൽ വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇങ്ങനെ അവലോകനം നടത്തിയിട്ടുണ്ട്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയിൽ ഇതുവരെ 1715 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ 38%, ബ്ലോക്ക് പഞ്ചായത്തുകൾ 58%, ജില്ലാ പഞ്ചായത്തുകൾ 22%, മുനിസിപ്പാലിറ്റികൾ 34%, കോർപ്പറേഷനുകൾ 31% എന്നിങ്ങനെയാണ് ചെലവഴിച്ചത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly